## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 140** **12-01-2021 - ൽ മറുപടിയ്ക്ക്**

## കുന്ദമംഗലം കോടതി കെട്ടിട നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കുന്ദമംഗലം കോടതി കെട്ടിടം നവീകരിക്കുന്നതിന് സമർപ്പിച്ച C5/190/2017-Home ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കുന്ദമംഗലം കോടതി കെട്ടിടം നവീകരിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ ഹൈക്കോടതി രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും കുന്ദമംഗലം പോലീസ് സ്റ്റേഷനും ഒരേ മേൽക്കൂരക്കുകീഴിൽ പ്രവർത്തിക്കുന്ന തിനാൽ ഈ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ വളരെ ബുദ്ധിമുട്ടാണെന്നും കോടതിയുടെ പ്രവർത്തനത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കുന്ദമംഗലത്ത് പുതിയ കോടതി കെട്ടിടം നിർമ്മിക്കണമെന്നും രജിസ്ട്രാർ ആവശ്യപ്പെട്ടു. നിർമാണത്തിനായി സർക്കാർ ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ, കുന്ദമംഗലം പോലീസ് സ്റ്റേഷൻ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുകയാണെങ്കിൽ കോടതി കെട്ടിടത്തിന്റെ നിർമ്മാണത്തിന് സ്വകാര്യ ഭൂമി ആവശ്യമില്ലെന്നും അതിനാൽ പോലീസ് സ്റ്റേഷൻ കോടതി പരിസരത്ത് നിന്ന് മാറ്റിയ ശേഷം കുന്ദമംഗലത്ത് കോടതി സമുച്ചയം നവീകരിക്കുന്നതിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ചു. ഇതിൽ ഏതാനും കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനായി ഹൈക്കോടതി രജിസ്ട്രാറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം വരാനിടയായ സാഹചര്യം വിശദമാക്കാമോ? | (ബി) | കുന്ദമംഗലം കോടതി കെട്ടിടം നവീകരിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ ഹൈക്കോടതി രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും കുന്ദമംഗലം പോലീസ് സ്റ്റേഷനും ഒരേ മേൽക്കൂരക്കുകീഴിൽ പ്രവർത്തിക്കുന്ന തിനാൽ ഈ ഓഫീസുകളുടെ ദൈനംദിന |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ വളരെ ബുദ്ധിമുട്ടാണെന്നും കോടതിയുടെ പ്രവർത്തനത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കുന്ദമംഗലത്ത് പുതിയ കോടതി കെട്ടിടം നിർമ്മിക്കണമെന്നും രജിസ്ട്രാർ ആവശ്യപ്പെട്ടു. നിർമാണത്തിനായി സർക്കാർ ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ, കുന്ദമംഗലം പോലീസ് സ്റ്റേഷൻ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുകയാണെങ്കിൽ കോടതി കെട്ടിടത്തിന്റെ നിർമ്മാണത്തിന് സ്വകാര്യ ഭൂമി ആവശ്യമില്ലെന്നും അതിനാൽ പോലീസ് സ്റ്റേഷൻ കോടതി പരിസരത്ത് നിന്ന് മാറ്റിയ ശേഷം കുന്ദമംഗലത്ത് കോടതി സമുച്ചയം നവീകരിക്കുന്നതിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ചു. ഇതിൽ ഏതാനും കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനായി ഹൈക്കോടതി രജിസ്ട്രാറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ